1993-ൽ കൊലചെയ്തതാണ്. ആ കേസ്സിൽ ഒരു പ്രതിയെ പിടിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്, എല്ലാ പ്രതികളേയും പിടിച്ചിട്ടില്ല. ഇതെല്ലാം അവിടത്തെ ജനങ്ങളിൽ ആശങ്കയുണ്ടാക്കിയിരിക്കുകയാണ്. ഈ കൊലക്കേസ്സുകളെല്ലാം അന്വേഷിക്കുന്നതിന് ഗവൺമെന്റ് ഒരു ടീമിനെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ ടീമിനെ സംബന്ധിച്ചും ഇപ്പോൾ അഭിപ്രായവ്യത്യാസങ്ങളുണ്ട്. മുമ്പ് ആരോപണവിധേയരായിട്ടുള്ള ആൾക്കാരാണ് ഈ ടീമിന് നേതൃത്വം വഹിക്കുന്നത്. അതുകൊണ്ട് ഈ കേസ്സുകൾ തെളിയിക്കാനാവശ്യമായ ശക്തമായ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലുണ്ടായ 62 കൊലപാതകങ്ങളിൽ 59 എണ്ണവും തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി മൂന്ന് കേസ്സേ ബാക്കിയുള്ളൂ. കളങ്കരിയിലെ ബീപാത്തുമ്മയും അവരുടെ വേലക്കാരി ശെൽവിയും കൊലചെയ്യപ്പെട്ട സംഭവം ക്രൈംബ്രാഞ്ച് അന്വേഷണത്തിലാണ്. ചെക്കളയിൽ അജ്ഞാത സ്ത്രീ കൊലചെയ്യപ്പെട്ടതായ സംഭവത്തിൽ കാസർഗോഡ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 208/98 -ാം നമ്പർ കേസ്സും ബദിയടുക്ക കുഞ്ഞിക്കണ്ണനെ കൊലചെയ്തതിന് ബദിയടുക്ക പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 147/99-ാം നമ്പർ കേസും അന്വേഷണാവസ്ഥയിലാണ്. മൂന്ന് കേസുകളുടേയും അന്വേഷണം ത്വരിതപ്പെടുത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(6) നെയ്യാർഡാം മേഖലയിലെ അഞ്ചുചങ്ങല പ്രദേശത്തെ സ്ഥിരം താമസക്കാർക്ക് പട്ടയം**

ശ്രീ. തമ്പാനൂർ രവി : സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽപ്പെട്ട കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകളിലെ ആയിരത്തിയഞ്ഞൂറോളം വരുന്ന കർഷക കുടുംബങ്ങൾ 1932 മുതൽ പട്ടയം വേണമെന്ന് ആവശ്യപ്പെടുകയാണ്. നെയ്യാർ ഡാമിന്റെ കൺസ്ട്രക്ഷനു മുമ്പ്തൊട്ടേ അവർ അത് ആവശ്യപ്പെടുകയാണ്. ഇന്ന് അവർ പട്ടയത്തിനുവേണ്ടി നിയമസഭാ മാർച്ച് നടത്തുകയാണ്. ഈ കാര്യം മാറിമാറി വന്ന ഗവൺമെന്റുകളുടെ മുമ്പിൽ പലപ്രാവശ്യവും ഉന്നയിച്ചതാണ്; തൃപ്തികരമായ ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ജില്ലകളിലെ റവന്യൂ അദാലത്തുകളുടെ ചർച്ചയിൽ ജനപ്രതിനിധികളെ വിളിച്ചുകൂട്ടിയ അവസരത്തിൽ ഞാൻ ഈ കാര്യം ഉന്നയിക്കുകയും അങ്ങ് on the spot-ൽ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തുവെങ്കിലും മൂന്ന് മാസം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണുണ്ടായിരിക്കുന്നത്. ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥയാണ്, അവർ ഇതുസംബന്ധിച്ച് പഠിക്കാത്തതുകൊണ്ടാണ് ഇവർക്ക് പട്ടയം ലഭിക്കാതെ പോയത്. പട്ടയം ലഭിക്കാത്തതുമൂലം ജനകീയാസൂത്രണത്തിന്റെ ആനുകൂല്യങ്ങൾ അവർക്ക് കിട്ടുന്നില്ല. അവർക്ക് വായ്പ എടുക്കാൻ നിവൃത്തിയില്ല; അവർ കൊടും പട്ടിണിയിലാണ്. എനിക്ക് അങ്ങയോട് പറയുവാനുള്ളത് അങ്ങ് അടിയന്തിരമായി ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ഇറിഗേഷൻ-റവന്യൂ ഉദ്യോഗസ്ഥൻമാരുടെ ഉന്നതതലയോഗം ഉടനെ വിളിച്ചുകൂട്ടി ഈ പാവപ്പെട്ട, ആയിരത്തിയഞ്ഞൂറോളം വരുന്ന കർഷകർക്ക് പട്ടയം കൊടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ്.

11.00 am.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ മാത്രമല്ല, ശ്രീ. പി.ടി. ചാക്കോ മന്ത്രിയായിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാലത്തും ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടുണ്ട്; ബഹുമാനപ്പെട്ട ബേബി ജോൺ ഇടപെട്ടിട്ടുണ്ട്; ശ്രീ. പി.ജെ. ജോസഫും ഇടപെട്ടിട്ടുണ്ട്, അതാതുകാലത്ത് അവരെ സഹായിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ അവർക്ക് പട്ടയം കിട്ടിയിട്ടില്ല എന്നുള്ള പ്രശ്നം ഇപ്പോഴും അവശേഷിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ റവന്യൂ റിവ്യൂ മീറ്റിംഗിൽ ഈ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർ ഉന്നയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ആ പ്രശ്നത്തെക്കുറിച്ച് പരിശോധിച്ച് തീരുമാനമുണ്ടാക്കണമെന്ന് ഞങ്ങൾ അവിടെവച്ചുതന്നെ തീരുമാനിക്കുകയും ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിരുന്നു. 5.1.2000-ൽ തിരുവനന്തപുരം ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ ഇത് തീരുമാനിച്ചു. ജലസേചന വകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, വൈൽഡ് ലൈഫ് വാർഡൻ, നെയ്യാറ്റിൻകര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ പ്രോജക്ട് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. റവന്യൂ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥൻമാരുമുണ്ടായിരുന്നു. അവർ ഈ പ്രശ്നം പരിശോധിക്കുകയും ഈ പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് വനം വകുപ്പിനെ അറിയിക്കുകയും ചെയ്തു. എന്നാൽ നെയ്യാർ ഡാമിന്റെ പരിസര പ്രദേശങ്ങൾ ഇവർ മലിനമാക്കുന്നു, ചപ്പുചവറുകൾ ഇടുന്നു, ജലം ചീത്തയാകുന്നു, അതുകൊണ്ട് അവരെ ഒഴിപ്പിക്കണം, ഒഴിപ്പിച്ചില്ലായെങ്കിൽ ജലസേചനത്തിന് പ്രയാസമാകും എന്നുള്ള അഭിപ്രായം ഉണ്ടായി. അതുകൊണ്ട് ജലസേചന വകുപ്പുമായി ഈ പ്രശ്നം വീണ്ടും ചർച്ച ചെയ്തു. നെയ്യാർ ഡാമിന്റെ പണി ആരംഭിക്കുന്നതിന് പത്ത് പതിനഞ്ച് കൊല്ലംമുമ്പ് അവിടെ താമസിക്കുന്ന, ദീർഘകാലമായി ചമയങ്ങളും വീടുകളും വച്ച് താമസിക്കുന്ന ഇവരെ ഒഴിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണമെന്നുള്ളത് മാനുഷിക പരിഗണനവച്ച് ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഡാമിനും വെള്ളത്തിനും ദോഷം വരാത്തനിലയിൽ, ഏറെക്കാലമായി കഴിഞ്ഞുകൂടുന്നവർ എന്ന പരിഗണനവച്ചുകൊണ്ട്, ഇവർക്ക് പട്ടയം നൽകുന്നതിന് ഇറിഗേഷൻ വകുപ്പുമായി കൂടിയാലോചിച്ച് ഒരു തീരുമാനം എടുക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിക്കുകയും സർവ്വ കക്ഷികളും ഈ പ്രശ്നത്തിനു പിന്നിൽ അണിനിരക്കുകയുമൊക്കെ ചെയ്ത പശ്ചാത്തലത്തിൽ 10.4.2000-ന് ഇറിഗേഷൻ വകുപ്പിലേയും റവന്യൂ വകുപ്പിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ജനപ്രതിനിധികളേയുമെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിച്ചുകൂട്ടി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയുമോ എന്നതിനെ സംബന്ധിച്ച് പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### (7) കോട്ടയം ജില്ലയിൽ 27.3.2000-ന് കാറ്റും മഴയുംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഇന്നലെ വൈകുന്നേരം കോട്ടയത്തും പരിസര പ്രദേശങ്ങളിലും ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും വ്യാപകമായ നാശനഷ്ടം ഉണ്ടായിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ അകക്കുന്നം, കൂരോപ്പട, അയർക്കുന്നം എന്നീ പഞ്ചായത്തുകളിലും സമീപ പ്രദേശങ്ങളിലും നാശനഷ്ടങ്ങൾ വളരെ കൂടുതലാണ്. കോട്ടയം ടൗണിലും വിജയപുരം പഞ്ചായത്തിലും കൊടുങ്ങൂരുമെല്ലാം കാറ്റിലും മഴയിലും വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. വീടുകൾ പലതും നശിച്ചു. ഇന്നലെ ഇലക്ട്രിസിറ്റി കണക്ഷൻ പൂർണ്ണമായി നിലച്ചിരിക്കുകയാണ്. മരങ്ങൾ വീണ് വാഹന

LIBRARY ARCHIVES Kerala Legislative Assembly